**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477** **06-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി പദ്ധതികളുടെ പ്രവർത്തനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മോൻസ് ജോസഫ്</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കിഫ്‌ബി നിലവിൽ വന്നതിനുശേഷം എത്ര ഫണ്ട് സമാഹരിച്ചുവെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി എത്ര രൂപവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>കിഫ്‌ബി നിലവിൽ വന്നതിന് ശേഷം, 2022 സെപ്റ്റംബർ 30 വരെയുള്ള പ്രൊവിഷനൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് പ്രകാരം ആകെ 31,083.92 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റ് - ₹ 14384.14 കോടി<br><br>ടെം ലോൺ - ₹13458.96 കോടി<br><br>ബോണ്ടുകൾ - ₹2932.57 കോടി<br><br>നോർക്ക ഡിവിഡൻറ് സ്കീം - ₹308.25 കോടി<br><br>ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>കിഫ്‌ബി ഫണ്ടിലേക്ക് പണം സമാഹരിച്ചതിന്റെ പേരിൽ സർക്കാറിന് ബാദ്ധ്യതയുണ്ടോ; വ്യക്തമാക്കാമോ;</td><td>(ബി)</td><td>കിഫ്‌ബി ഫണ്ടിലേയ്ക്ക് സമാഹരിക്കുന്ന പണം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയല്ല. കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആയ കിഫ്‌ബി ആന്യൂറ്റി മാതൃക അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സാമ്പത്തിക സംവിധാനമാണ്. ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച ഏതാണ്ട് 73,000 കോടി രൂപയോളം വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്‌ബിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കാലക്രമേണ വളരുന്ന ആന്യൂറ്റി (growing annuity) പേയ്മെന്റ് (മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക) ആയി കിഫ്‌ബിക്ക്</td></tr>
</table>

| | | | |
|---|---|---|---|
| | | | നൽകുമെന്ന് സർക്കാർ നിയമം മൂലം ഉറപ്പ്നൽകുന്നു. നിലവിലെ ഗ്യാരണ്ടി പരിധി ആക്ടിൽ വിവക്ഷിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെയാണ് കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത്. സർക്കാർ ഗ്യാരണ്ടിയിന്മേൽ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ സമാഹരിക്കുന്ന വായ്പ്പകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയായി കണക്കാക്കാൻ കഴിയില്ല. |
| (സി) | കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശിക ഉണ്ടോയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (സി) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകളെല്ലാം അതത് പദ്ധതി നിർവഹണ ഏജൻസി ബിൽ തുക പാസ്സാക്കുന്ന ഉത്തരവോടു കൂടി കിഫ്ബിയിൽ സമർപ്പിക്കപെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനു ശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൌണ്ടിലേക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, 80% സാമ്പത്തിക പുരോഗതി കൈവരിക്കുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്ത പക്ഷം ബിൽ ലഭിച്ച് വളരെ പെട്ടെന്ന് തന്നെ തുക നൽകി വരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. വീണ്ടു സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കു. കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. പോരായ്മകൾ ഇല്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയ ശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല. |
| (ഡി) | ഏതെല്ലാം പ്രവൃത്തികളുമായി ബന്ധപ്പെട്ട് എത്ര തുക വീതം കുടിശ്ശികയുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ഡി) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകളെല്ലാം അതത് പദ്ധതി നിർവഹണ ഏജൻസി ബിൽ തുക പാസ്സാക്കുന്ന ഉത്തരവോടു കൂടി കിഫ്ബിയിൽ സമർപ്പിക്കപെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനു ശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൌണ്ടിലേക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഇതിൽ |

| | | | |
|---|---|---|---|
| | | | ആദ്യത്തെ പാർട്ട് ബിൽ, 80% സാമ്പത്തിക പുരോഗതി കൈവരിക്കുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റ ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്ത പക്ഷം ബിൽ ലഭിച്ച് വളരെ പെട്ടെന്ന് തന്നെ തുക നൽകി വരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. വീണ്ടു സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കൂ. കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. പോരായ്മകൾ ഇല്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയ ശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല. |
| (ഇ) | കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെ തുക എത്രയെന്നും ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ഇ) | കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് 53,908.64 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുള്ളതും ഇതിൽ 24,509.23 കോടി രൂപയുടെ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ, വിവിധ വ്യവസായ പാർക്കുകൾക്കും ദേശീയ പാതാ വികസനത്തിനുമായി ഭൂമി ഏറ്റെടുക്കുന്നതിന് 20000 കോടി രൂപയുടെ ധനാനുമതിയും നൽകിയിട്ടുണ്ട്. |
| (എഫ്) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; ഈ പദ്ധതികൾ തുടങ്ങുവാൻ ഉണ്ടായ കാലതാമസം വിശദീകരിക്കാമോ; ഇതിൽ എന്ത് ഇടപെടൽ ആണ് കിഫ്ബിയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; കിഫ്ബിയുടെ അനുമതി ലഭിക്കാത്ത പദ്ധതികൾക്ക് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുന്ന പട്ടിക അനുബന്ധം - 2 ആയി ചേർക്കുന്നു.<br><br>ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയനുസരിച്ച് നാളിതുവരെ ആരംഭിക്കാത്ത പദ്ധതിക്ക് (GED003-23) സർക്കാർ / എസ്.പി.വി യുടെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി നൽകുന്ന സാങ്കേതികാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ച ശേഷം വർക്ക് അവാർഡ് ചെയ്യാവുന്നതാണ്.<br>കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി കിഫ്ബിയുടെ വിവിധ തലങ്ങളിലും ബഹു. മന്ത്രിമാർ / എം.എൽ.എ മാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും ഇടയ്ക്കിടെ യോഗങ്ങൾ ചേർന്ന് എസ്.പി.വി-യ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ, പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | എസ്.പി.വി-കൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം, അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് പരിഹാര മാർഗ്ഗങ്ങളും സമയബന്ധിതമായ പൂർത്തീകരണത്തിനായി ഉപദേശങ്ങളും നൽകി വരുന്നു.<br><br>24-02-2018-ലെ സ.ഉ (കൈ) നം.69/2018/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന വിശദമായ പദ്ധതി രേഖകൾ കിഫ്ബി പരിശോധിച്ച ശേഷം, നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്ന പക്ഷം അവ തുടർന്നു വരുന്ന കിഫ്ബോർഡ് യോഗത്തിനു മുമ്പാകെ സമർപ്പിച്ച് അംഗീകാരം നൽകാവുന്നതും കിഫ്ബി ധനാനുമതി പുറപ്പെടുവിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

477

അനുബന്ധം - 1

| Sl. No. | Particulars | As per provisional FS (till Sep 22) (₹) |
|---|---|---|
| 1 | Employee Benefits | 26,45,13,895.07 |
| 2 | Professional, Consultancy & Technical Expenses | 1,03,02,77,716.76 |
| 3 | Promotional Expenses | 98,28,02,901.30 |
| 4 | Repairs & Maintanance | 1,62,40,910.88 |
| 5 | Rent & Utility Charges | 12,44,49,080.86 |
| 6 | Miscellaneous Expenses | 2,55,01,753.14 |
| 7 | Finance and Bank Charges | 24,91,19,99,838.24 |
| 8 | Meeting and Conference Expense | 67,97,307.00 |
| 9 | LA Unit Expenses | 13,89,22,362.42 |
| 10 | Disbursement towards projects | 2,16,34,98,14,463.71 |
| 11 | Centage payment to SPVs | 5,22,74,04,534.00 |
| **TOTAL** | | **2,49,07,87,24,763.38** |

ജോയിന്റ് ഡയറക്ടർ

4

അനുബന്ധം - 2

| Sl. No. | Department | Project Code | Main Project Name | Sub Project Name | Packages | Project Outlay (Rs. In Crore) | SPV Name | Work Status |
|---|---|---|---|---|---|---|---|---|
| 1 | Power | POW002-06 | Transgrid 2.0 | Kottayam Lines package (Turn Key Basis) | Project A-Kottayam SS to Thuravoor SS, project B-Kottayam 400KV SS to Ettumanoor SS, Project C-Pallam Ambalamugal | ₹ 96.39 | KSEB | Work in progress |
| 2 | Water Resources | WRD005-124 | Replacing Transmission mains in 174 schemes 4888 km Promo Transmission mains | Replacement of Transmission Mains in Kottayam Circle | | ₹ 14.80 | KWA | Work in progress |
| 3 | Registration | RGD007-04 | Construction of 52 office buildings for Registration Department | Cluster III - Construction of Sub Registrar Offices at 8. Kaduthuruthi in Kottayam District (Kaduthuruthy) | Kaduthuruthi (Kaduthuruthi)-1.33Cr, | ₹ 1.33 | KSCC | Work in progress |
| 4 | PWD | PWD016-03 | 69 Bridges & Flyovers | Kuruppanthara Railway Over Bridge | | ₹ 30.56 | RBDCK | LA in progress |
| 5 | General Education | GED003-23 | Betterment of Infrastructure facilities in 446 schools- 1 Cr category-KILA | Idukki, Kottayam, Palakkad, Thiruvananthapuram, Thrissur Cluster - 23 | Govt. VHSS Kanakkary (Kaduthuruthy - 99,44,986.03), | ₹ 0.99 | KILA | Revised TS under process |
| 6 | General Education | GED005-15 | PPE Mission-Upgradation of one school in each constituency | PPE Mission- Upgradation of one school in each constituency - Kottayam District-Phase 2 | Peruva Govt. Boys H.S (Kadathuruthy Constituency) 5Cr | ₹ 5.00 | KITE | Work in progress |

| Sl. No. | Department | Project Code | Main Project Name | Sub Project Name | Packages | Project Outlay (Rs. In Crore) | SPV Name | Work Status |
|---|---|---|---|---|---|---|---|---|
| 7 | Power | POW002-08 | Transgrid 2.0 | 400KV GIS at Kottayam | Construction of New 400kV Gas Insulated Substation at Kottayam | ₹ 231.03 | KSEB | Work in progress |
| 8 | Industries (Under LA Pool) | IND007-01 | Development of Industrial Park by takeover of land From M/S Hindustan Newsprint Ltd-Land Acquisition And Development Works | Development of Industrial Park by takeover of land From M/S Hindustan Newsprint Ltd-Land Acquisition And Development Works | | ₹ 200.60 | KINFRA | LA in progress |